ശ്രീ. കെ. വി. നാരായണൻ : പറമ്പിക്കുളം നദീജലം പങ്കുവയ്ക്കുന്ന കാര്യത്തിൽ വല്ല തീരുമാനവുമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ആർ. ശങ്കർ : തത്വത്തിൽ അംഗീകരിച്ച് ഡ്രാഫ്റ്റുചെയ്ത എഗ്രിമെന്റ് ആലോചനയിലിരിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തുകൂടി ഒഴുകുന്ന ഭോനി, ഷെറുവാണി ഈ നദികളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ടെന്നു അറിയുന്നു. രണ്ടു നദികളിലേയും വെള്ളം മദിരാശിക്കു വിട്ടുകൊടുക്കാനുള്ള ഒരു കരാർ ഗവണ്മെന്റ് ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള വെള്ളം പാലക്കാട് ജില്ലയിലെ അട്ടപ്പാടിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനു ആ കരാറൊന്നു പുനഃപരിശോധിക്കുന്നതിനു മദിരാശി ഗവണ്മെന്റുമായി ആലോചന നടത്തുമോ ?

ശ്രീ. ആർ. ശങ്കർ : കോയമ്പത്തൂർ ടൗണിലെ വാട്ടർ സപ്ലൈ സംബന്ധിച്ച് കേരളം മദിരാശി ഗവണ്മെന്റുമായി എഴുത്തുകുത്തുകളും നടത്തുകയുണ്ടായി. കോയമ്പത്തൂരിലെ ജനങ്ങൾക്കു വെള്ളം കൂടിക്കുന്നതിനു പ്രയാറിട്ടി കൊട്ടക്കണമെന്നുള്ള തത്വം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ആ നദി ഒഴുകിപ്പോകുന്ന സ്ഥലത്തുള്ള ഇറിഗേഷൻ സൗകര്യമാണെന്നു ഈ ഗവണ്മെന്റിനു അഭിപ്രായമുണ്ട്. ആ കാര്യത്തെപ്പറ്റി കൂടുതൽ ആലോചനകളും ഇനി നടത്തേണ്ടതായിട്ടാണിരിക്കുന്നതു്.

സംശയാസ്പദമായ മരണങ്ങളും.

* 692. [18] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1963 ജനുവരി മുതൽ ഡിസംബർവരെ സംസ്ഥാനത്തു് എത്ര സംശയാസ്പദമായ മരണങ്ങളും ഉണ്ടായതായി കണക്കാക്കപ്പെടുന്നു ;

(ബി) ഈ കാലയളവിനു മറവുചെയ്ത എത്ര ശവശരീരങ്ങളും വീണ്ടും എടുത്തു പരിശോധിക്കുകയുണ്ടായി ;

(സി) ഈ പരിശോധനകളിൽ ആദ്യത്തെ പരിശോധനകളിൽനിന്നും വ്യത്യസ്തമായ ഫലങ്ങളും ലഭിച്ചതെത്ര ;

(ഡി) അഴിയൂരു് മാഹി പുഴയിൽനിന്നു ലഭിച്ച ഒരു നാരായണിയുടെ ശവശരീരം മറവുചെയ്തതു വീണ്ടും കുഴിച്ചെടുത്തു പരിശോധിക്കുകയുണ്ടായോ ;

(ഈ) പ്രസ്തുത നാരായണിയുടെ മരണത്തിൽ സംശയം ഉണ്ടെന്നും അതേപ്പറ്റി കാര്യമായി അന്വേഷിക്കണമെന്നും കാണിച്ച് ആ സ്ത്രീയുടെ സ്വന്തക്കാരിൽനിന്നും അപേക്ഷകളും ലഭിക്കുകയുണ്ടായോ ;

(എഫ്) അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ;

(ജി) വീണ്ടും പോസ്റ്റുമാർട്ടം ചെയ്യാൻ ഉത്തരവിട്ടതാരാണു് ;

(എച്ച്) അതിന്റെ അന്വേഷണഫലമെന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇരുപതു്. (20)

(ബി) ആറു്. (6)

(സി) മൂന്നു്. (3)

(ഡി, ഈ, എഫ്, ജി, എച്ച്) സംഭവം നടന്നതു് പോണ്ടിച്ചേരി സ്റ്റേറ്റിൽപ്പെട്ട മാഹി പോലീസ് സ്റ്റേഷൻ അതിർത്തിയിലായതുകൊണ്ടു് ഈ സ്ഥലത്തിലെ പോലീസിനു് സംഭവത്തെക്കുറിച്ചു് അന്വേഷിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിൽ പറഞ്ഞപ്രകാരം ഒരു അപേക്ഷ മാഹിക്കടുത്തു് ഈ സ്റ്റേറ്റിൽപ്പെട്ട ഇടച്ചേരി പോലീസ് സ്റ്റേഷനിൽ ലഭിക്കുകയും ഇടച്ചേരി സബ്ബ് ഇൻസ്പെക്ടർ ആ പെറ്റീഷനെക്കുറിച്ചു് അന്വേഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അന്വേഷണത്തിൽനിന്നും, സംഭവം നടന്നതു് മാഹി പോലീസ് സ്റ്റേഷൻ അതിർത്തിയിലാണെന്നു മനസ്സിലായി. ഈ അവസ്ഥയ്ക്കു് ഈ കാര്യത്തെക്കുറിച്ചു് അധികൃതമായ വിവരങ്ങളും തരുവാൻ നിവൃത്തിയുമില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : തളിപ്പറമ്പു് സർക്കിൾ ഇൻസ്പെക്ടറുടെ അധികാരപരിധിയിൽപ്പെട്ട കളത്തൂർ, കരുവളളൂർ മുതലായ സ്ഥലങ്ങളിൽ നടന്നിട്ടുള്ള സംശയാസ്പദമായ കൊലപാതകങ്ങളെ സംബന്ധിച്ചു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ; കരുവളളൂർ നടന്ന സംശയാസ്പദമായ കൊലപാതകത്തെ സംബന്ധിച്ചു് യാതൊരു നടപടിയും എടുക്കാത്തതുകൊണ്ടു് കരുവളളൂർനിന്നും തിരുവനന്തപുരത്തേക്കു് കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റു്, പ്രജാസോഷ്യലിസ്റ്റു് പാർട്ടി ഇവയിലുള്ള പ്രതിനിധികളും കാൽനടയായി നിവേദനം നടത്തുന്നതിനു് വന്ന വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. ആർ. ശങ്കർ : അവിടെ സംശയാസ്പദമായ ചില മരണങ്ങളും നടന്നതായി ചില നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. അതു് പോലീസിന്റെ അന്വേഷണത്തിനു് അയച്ചിട്ടുണ്ടു്. അവിടെയുള്ള എല്ലാ പാർട്ടികളിലുംപെട്ട ആളുകളും കാൽനടയായി ഇവിടെ വന്നിട്ടുണ്ടെന്നു് മനസ്സിലായിട്ടില്ല. അവിടെനിന്നു് ചില ആളുകളും ഇവിടെ വന്നിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട അംഗം എന്നോടു് ഇന്നു പറയുകയുണ്ടായി. കാൽനടയായി വന്നാൽ അതു് അന്വേഷണത്തിനു കൂടുതൽ സഹായകമാകുമെങ്കിൽ അതു് ഉപയോഗപ്പെടുത്താമെന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. രാമുണ്ണി മേനോൻ : കൈയൂരിൽ നാരായണി എന്ന വിദ്യാർത്ഥിനിയെ കൊലചെയ്തിട്ടു് അവിടത്തെ പോലീസ് ആറു് മാസക്കാലമായിട്ടും തെളിവെടുക്കാതിരുന്നതുകൊണ്ടു്, ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭണത്തിന്റെ ഫലമായി സി. ഐ. ഡി. പോയി അന്വേഷിച്ചു് ഒരു കേസ്സു് ചാർജ്ജു് ചെയ്തു. പോലീസുകാർ തെളിവെടുത്തവരിൽനിന്നുമാത്രം തെളിവെടുത്തു് കോടതിയിൽ ആ കേസ്സു് ചാർജ്ജു് ചെയ്തിരിക്കുകയാണു്. ഈ സംഗതിയിൽ ലോക്കൽ പോലീസുകാർ കാണിക്കുന്ന അനാസ്ഥ സംബന്ധിച്ചു കർശന നടപടികളെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പല കാര്യങ്ങളും പറഞ്ഞു. ആ നിഗമനങ്ങളൊക്കെ ശരിയാണോ എന്നു പറയാൻ നിവൃത്തിയില്ല. ഇപ്പോൾ എന്റെ കൈവശം ആ കേസ്സിനെ സംബന്ധിക്കുന്ന വിവരമില്ല. കൊലപാതകം സംബന്ധിച്ചു് പരാതികൾ ചെയ്കയും ആ പരാതികൾ സത്വരമായ അന്വേഷണത്തിനു് അയയ്ക്കുകയും ചെയ്ത കാര്യം ഓർമ്മയുണ്ടു്. കൂടുതൽ എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അറിയിച്ചാൽ അതേപ്പറ്റി നിശ്ചയമായും അന്വേഷണം നടത്താം.

ശ്രീ. എം. കൃഷ്ണൻ : കൊലപാതകം സംബന്ധിച്ചു് മാഹിയിൽവച്ചു് നടന്ന പോസ്റ്റ് മാർട്ടത്തിന്റെ വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : മാഹിയിൽവച്ചു പരിശോധന നടത്തുന്നതിന്റെ റിപ്പോർട്ടു് ഈ ഗവണ്മെൻറിനു് അയയ്ക്കാറില്ല.

ശ്രീ. ഈ. പി. ഗോപാലൻ : സംശയാസ്പദമായ മരണങ്ങളും ഉണ്ടാവുകയും, ആ കേസ്സുകളിൽ അന്വേഷണം ഉണ്ടാവുകയും ചെയ്യുന്നുണ്ടെന്നു പറയുമ്പോൾ എവിടെയോ അതിസമർത്ഥമായ രീതിയിൽ കാലതാമസം വരുന്നുണ്ടു്. കാലതാമസം വരുന്നുണ്ടെന്നു പറഞ്ഞാൽ തെളിവുകളും തേഞ്ഞുമാഞ്ഞു പോകാൻ സൗകര്യമുണ്ടു്. ആ നിലയിൽ ഇതിനു കാലതാമസം വരുത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കാര്യങ്ങളിൽ മനഃപൂർവ്വമായി കാലതാമസം വരുത്തുന്നതു് വലിയ അഴിമതിയായിട്ടാണു് ഗവണ്മെൻറു് പരിഗണിക്കുന്നതു്. ഇങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെന്നു കണ്ടാൽ അയാളുടെ പേരിൽ കാര്യമായി നടപടികളും എടുക്കുന്നതാണു്.

ശ്രീ. പി. ഗോപാലൻ : തളിപ്പറമ്പു് സക്കിളം ഇൻസ്പെക്ടറുടെ അധികാരപരിധിയിൽപ്പെട്ടിട്ടുള്ള തളിപ്പറമ്പു് തമ്പായി സ്ത്രീയുടെ മരണം അതുപോലെതന്നെ കോരൻ ഇവരുടെയെല്ലാം മരണം കഴിഞ്ഞ ഡിസംബർ മാസത്തിൽ നടന്നതാണു്. ഇങ്ങനെ തുടർച്ചയായി അന്വേഷണം നടത്തി തെളിവില്ലെന്നു പറഞ്ഞു് കേസ്സു് ചാർജ്ജു് ചെയ്യാതെ മൂന്നു കേസ്സുകളും ഇപ്പോൾ തളിപ്പറമ്പു് സക്കിളം ഇൻസ്പെക്ടറുടെ കീഴിലുണ്ടെന്നു വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടു.

ഹോം നഴ്സിംഗ് പരിശീലനം.

* 693. [19] ശ്രീ. പി. അബ്ദുൽ മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽവകുപ്പിന്റെ കീഴിൽ ഹോം നഴ്സിംഗ് പരിശീലനം നൽകുന്നുണ്ടോ ;

(ബി) ഈ പരിശീലനത്തിനു തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം :

(സി) ഈ പരിശീലനം ലഭിച്ചവർ എത്രയുണ്ടു് ;

(ഡി) ഇവർക്കു് ഗവണ്മെൻറു് നിയമനം നൽകുന്നുണ്ടോ ;

(ഈ) പരിശീലനകാലത്തു് ഇവർക്കു് വല്ല അലവൻസും നൽകുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടു്.

(ബി) മലയാളത്തിൽ എഴുതുവാനും വായിക്കാനുമുള്ള കഴിവു്. പ്രായം 18 വയസ്സിനുമേൽ.

(സി) 2203.

(ഡി) ഇല്ല.

(ഈ) ഇല്ല.

കുറ്റ്യാടി പദ്ധതിയുടെ ജലസംഭരണ പ്രദേശം കൃഷിക്കു കൊടുക്കുവാനുള്ള പദ്ധതി

* 694. [21] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനപദ്ധതി നടപ്പിൽവരുത്തുമ്പോൾ ക്യാച്ചുമെൻറു് ഏരിയായിൽപ്പെട്ട പ്രദേശങ്ങൾ ഓരോ കൊല്ലത്തേക്കു് താൽക്കാലികകൃഷിക്കു വേണ്ടി നൽകുന്നതു് ക്ഷീരോൽപ്പാദനവർദ്ധനയ്ക്കു് സഹായമാവുകയില്ലേ ;

(ബി) കുറ്റ്യാടി ജലസേചനപദ്ധതി പൂർത്തിയാകുന്നതുവരെ ആ പദ്ധതിയുടെ ജലസംഭരണപ്രദേശവും ക്യാച്ചുമെൻറു് ഏരിയായും ഓരോകൊല്ലത്തേക്കു് കൃഷിക്കു് കൊടുക്കുവാനുള്ള ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുവാൻ യെവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly